➪ ഈ 'നേട്ട'ത്തിനായി ചിലവാക്കേണ്ടി വന്നതാകട്ടെ 700 കോടിയോളം രൂപയുമാണ് ➪

ദുരന്താനന്തരം
കേരളം

1989ൽ ആൾട്ടർമീഡിയ പബ്ലിക്കേഷൻ തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ച 'അണക്കെട്ടുകളും പ്രത്യാഘാതങ്ങളും' എന്ന പുസ്തകം അണക്കെട്ടുകൾ സൃഷ്ടിക്കുന്ന ആഘാതങ്ങളെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യത്തെ ആധികാരിക പഠനമാണ്. അന്തരിച്ച പരിസ്ഥിതി പ്രവർത്തകൻ എൻ. സ്വാമിനാഥൻ ആയിരുന്നു രചയിതാവ്. അണക്കെട്ടുകൾ കേരള ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തം വിതച്ച കാലത്ത് ഈ പുസ്തകത്തിൽ നിന്നും കേരളത്തിലെ ഡാമുകളെക്കുറിച്ചുള്ള അധ്യായം ഒരിക്കൽക്കൂടി വായിക്കാം.

# ഒന്നും നേടിത്തരാത്ത അണക്കെട്ടുകൾ

**എൻ. സ്വാമിനാഥൻ**

പല പദ്ധതികളും അനുമതി ലഭിച്ചിട്ടും കൃത്യസമയത്ത് പൂർത്തിയാക്കാൻ കഴിയാതെ തുടർക്കഥകളായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് കേരളത്തിലുമുള്ളത്. ജലസേചന പദ്ധതികളുടെ അടങ്കൽ ചിലവ് 13 ഇരട്ടിയോളം വർദ്ധിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത നാടാണ് നമ്മുടേത്. കേരളത്തിൽ വൻകിട, ഇടത്തരം, ചെറുകിട (Major, Medium, Minor) ജലസേചന പദ്ധതികൾ വഴി 16 ലക്ഷം ഹെക്ടർ (അസ്സൽ- Net) അല്ലെങ്കിൽ 25 ലക്ഷം ഹെക്ടർ (മൊത്തം - Gross) പ്രദേശത്ത് നനയെത്തിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ വൻകിട, ഇടത്തരം പദ്ധതികളുടെ മാത്രം പങ്ക് ഏകദേശം ആറു ലക്ഷം ഹെക്ടർ(അസ്സൽ) ആയിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. 1970ന് മുമ്പ് പൂർത്തിയായ പത്ത് ജലസേചന പദ്ധതികൾ മുഖേന സേചനം നടക്കുന്നത് വെറും 0.77 ലക്ഷം ഹെക്ടർ ഭൂമിയിൽ മാത്രമാണ്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഏഴ് പദ്ധതികളുടെ ഭാഗികമായ പ്രവർത്തനംമൂലം ലഭ്യമായ 2.10 ലക്ഷം ഹെക്ടർ ഭൂമി കൂടി കണക്കിലെടുത്താൽ 1987-88 അവസാനത്തിൽ മൊത്തം ഇത് 3.87 ലക്ഷം ഹെക്ടറോളം വരും. പ്രതീക്ഷിച്ചതാകട്ടെ 14 ലക്ഷം ഹെക്ടറും! പ്രതീക്ഷിച്ചതിന്റെ 24 ശതമാനത്തോളം വരുന്ന ഈ 'നേട്ട'ത്തിനായി ചിലവാക്കേണ്ടി വന്നതാകട്ടെ 700 കോടിയോളം രൂപയുമാണ്.

റിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് കേരളത്തിന്റെ ജലസേചന പദ്ധതികൾക്ക് വേണ്ടി ചിലവാക്കുന്ന തുക വൻതോതിൽ പാഴാകുന്നു എന്നാണ്. മാത്രമല്ല മിക്ക പദ്ധതികളും പൂർത്തിയാക്കാൻ കഴിയാതെ അതിന്റെ നിർമ്മാണ ചിലവ് പല മടങ്ങായി വർദ്ധിച്ച് വരികയുമാണ്. (പൂർത്തിയായവയിൽതന്നെ പ്രതീക്ഷിച്ച നേട്ടങ്ങൾ ലഭ്യമല്ലതാനും.) കൃത്യസമയത്ത് പണി പൂർത്തിയാകാതെ തുടരുന്ന പത്തു പദ്ധതികളുടെ നിർമ്മാണ ചിലവ് പ്രതീക്ഷിച്ച 79.72 കോടിയിൽനിന്നും ഇപ്പോൾ 705.24 കോടിയായി ഉയർന്നു കഴിഞ്ഞു. ഇവ പൂർത്തിയായി പ്രവർത്തനക്ഷമമാകുമ്പോഴേക്കും ഇതിനിയും വർദ്ധിച്ചിരിക്കും. ഇവയിൽതന്നെ ഏഴ് പദ്ധതികൾ നിർമ്മാണം തുടങ്ങി സിൽവർ ജൂബിലി ആഘോഷിച്ചവയാണെന്നും ഒരു രസത്തിനറിയുക! ഈ പത്തു പദ്ധതികളിൽ നിന്നായി 14 ലക്ഷം ഹെക്ടർ പ്രദേശമാണ് ജലസേചന മേഖലയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇവയുടെ ഭാഗികമായുള്ള പ്രവർത്തനം മൂലം സാധിച്ചത് വെറും 2.10 ലക്ഷം ഹെക്ടറാണ്. ഇതിന് പുറമെ 110 കോടി രൂപ കൂടി മറ്റുള്ള എട്ട് പദ്ധതികൾക്കായി ചിലവഴിച്ചുവെങ്കിലും അതിന്റെ ഫലമായി ഒരു തുണ്ട് ഭൂമിയിൽപ്പോലും എന്തെങ്കിലും മെച്ചമുണ്ടായിട്ടില്ല! അതിലുപരി ഏകദേശം 600 കോടിയോളം നടപ്പുപദ്ധതികൾക്കായി ചിലവാക്കിയിട്ടും 1973 മുതൽ സംസ്ഥാനത്തെ അരിയുൽപാദനം പ്രതിവർഷം 12-13 ലക്ഷം ടണ്ണിൽനിന്നും കുറഞ്ഞതല്ലാതെ കൂടിയിട്ടില്ലെന്ന വസ്തുതയെങ്കിലും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് അരി ഉൽപാദനം ഒരു ലക്ഷം ടണ്ണോളം കുറഞ്ഞിരിക്കുന്നു. 1986-87ലെ ഉൽപാദനം 11.33 ലക്ഷം ടണ്ണായിരുന്നെങ്കിൽ 87-88ൽ ഇത് 10.32 ലക്ഷം ടണ്ണായി കുറഞ്ഞു.

നിർമ്മാണം തുടരുന്ന ഇപ്പോഴത്തെ പദ്ധതികളിൽ ഏറ്റവും പഴക്കം ചെന്നത് മുപ്പതിലേറെ വർഷങ്ങൾക്ക് മുമ്പ് (1956) തുടങ്ങിയ പെരിയാർവാലി പദ്ധതിയാണ്. 3.48 കോടി രൂപ മൊത്തം ചിലവ് പ്രതീക്ഷിച്ചിരുന്ന ഈ പദ്ധതിക്കായി ഇതിനകം 54 കോടിയോളം ചിലവഴിച്ച് കഴിഞ്ഞു. ഇതിൽ വമ്പൻ കല്ലടയാണ്. 1961ൽ 13.28 കോടി ഉദ്ദേശിച്ച് നിർമ്മാണം തുടങ്ങിയ ലോകബാങ്കിന്റെ സാമ്പത്തിക സഹായമുള്ള ഈ പദ്ധതിക്കായി ഇതിനകം 300 കോടിയിലധികം ചിലവാക്കിയിട്ടുണ്ട്. ഇതുപോലെതന്നെ 1961ൽ 1.06 കോടി കണക്കാക്കി പണിയാരംഭിച്ച ചെറിയ പദ്ധതിയായ ചിറ്റൂർ പുഴ ഡാമിനായി ഇതിനകം 18 കോടിയോളം ചിലവഴിച്ചു. പദ്ധതി നിശ്ചിത സമയത്ത് പൂർത്തിയായിരുന്നെങ്കിൽ പാലക്കാടിൽ രണ്ടുതരം വർഷക്കാലവും സ്ഥിരം പരാജയപ്പെടുന്നതുമൂലം മരുഭൂമിയായിക്കൊണ്ടിരിക്കുന്ന കൊഴിഞ്ഞാമ്പാറ മേഖലക്ക് ഒരാശ്വാസമായേനെ. ഇനിയെന്നാണ് അവരുടെ മണ്ണിലേക്ക് വെള്ളമൊഴുകാൻ പോകുന്നത്? പാലക്കാ

ടിൽ തന്നെ 61ൽ 3.65 കോടിയിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന കാഞ്ഞിരപ്പുഴ പദ്ധതിക്ക് ഇതിനകം 43 കോടിയോളമാണ് ചിലവഴിച്ചിരിക്കുന്നത്. ഇത്രയും തുക നൽകിയിട്ടും പണി പൂർത്തിയാകാത്തതിന്റെ കാര്യകാരണങ്ങൾ പഠിക്കാനായി സർക്കാർ അസംബ്ളിയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പഠനശേഷം നൽകിയ റിപ്പോർട്ടിൽ ഇതിനുള്ള പ്രധാന കാരണമായി പറയുന്നത് മുമ്പ് തീരുമാനിച്ചതിൽ നിന്നും മാറ്റിക്കൊണ്ട് പദ്ധതികളുടെ നിർമ്മാണം നടക്കുന്നു എന്നതാണ്. ഇതിനി ആവർത്തിക്കാൻ പാടില്ലെന്നും ഒരു പദ്ധതി തുടങ്ങുന്നതിനുമുമ്പ് അതിനെക്കുറിച്ചുള്ള വിശദമായ പഠനവും വിശകലനവും നടത്തിയിരിക്കണമെന്നും, തീരുമാനങ്ങൾ പിന്നീട് യാതൊരു കാരണവശാലം മാറ്റരുതെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. മാത്രമല്ല ഇതുവരേക്കും ജലസേചന പദ്ധതികൾക്കായി ചിലവാക്കിയിട്ടുള്ള തുകയുടെയും പദ്ധതികൾ മൂലമുള്ള നേട്ടത്തിന്റേയും ശരിയായ കണക്ക് സർക്കാർ പരിശോധിക്കുന്നില്ലെന്നും, യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനോ വിശകലനം ചെയ്യുന്നതിനോ ശ്രമിക്കുന്നില്ലെന്നും കമ്മിറ്റി കുറ്റപ്പെടുത്തുന്നു(ഇന്ത്യൻ എക്സ്പ്രസ്സ്- 20.02.89). ഉദാഹരണത്തിന് അണക്കെട്ടിന്റെ ആയുസ്സ് പ്രതീക്ഷിച്ചതിലും കുറയുക, നിശ്ചിത സമയത്തിൽ പണി പൂർത്തിയാകാത്തതുമൂലം നിർമ്മാണ ചിലവ് വർദ്ധിക്കുക, പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ വരിക, പ്രതീക്ഷിച്ചത്ര സ്ഥലങ്ങളിലേക്ക് ജലസേചനമെത്തിക്കാൻ കഴിയാതെ വരിക തുടങ്ങി പല വാഗ്ദാനങ്ങളും പരാജയപ്പെടാറുണ്ട്. പരാജയത്തിന്റെ ഈ പട്ടികയിൽ നമുക്കേറ്റവും വ്യക്തമായിട്ടുള്ളതാണ് കേരളത്തിന്റെ നെല്ലറയായ പാലക്കാടിന്റെ സ്ഥിതി. നിർമ്മാണം പൂർത്തിയായിട്ടുള്ള കേരളത്തിലെ പത്തു ജലസേചന പദ്ധതികളിൽ അഞ്ചെണ്ണവും ഉള്ള പാലക്കാടിൽ അരിയുൽപാദനം കുറഞ്ഞതല്ലാതെ കൂടിയിട്ടില്ല.

ഇതിനു പുറമെയാണ് നിർമ്മാണം തുടരുന്ന ജലവൈദ്യുത പദ്ധതികളുടെ കാര്യം. ഇടമലയാർ, ഇടുക്കി(സ്റ്റേജ് I, II) ശബരിഗിരി ഓഗ്മെന്റേഷൻ, കക്കാട്, കല്ലട, ലോവർ പെരിയാർ എന്നീ പദ്ധതികൾക്കായി മൊത്തം നിർമ്മാണചിലവ് കണക്കാക്കിയിരുന്നത് 179.29 കോടി രൂപയാണെങ്കിൽ 1988 മാർച്ച് വരെ മാത്രം ഈ പദ്ധതികൾക്കായി ആകെ 179.07 കോടി. ചിലവഴിച്ചിട്ടുള്ളതായി സർക്കാരിന്റെ തന്നെ ഔദ്യോഗിക കണക്കുകൾ കാണിക്കുന്നു. മാത്രമല്ല നിർമ്മാണം തുടരുകയുമാണ്! 1986ലും 88ലുമായി ഇവയുടെ നിർമ്മാണ ചിലവ് പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആ കണക്ക് പ്രകാരം ഇവ പൂർത്തിയാക്കുന്നതിന് ഇനി 377.85 കോടി വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ തുകയിൽ ഇനിയും പുതുക്കലുകൾ ഉണ്ടാകുമോ എന്നത് കണ്ട് തന്നെ അറിയണം!

അതേസമയം ചെറുകിട പദ്ധതികളിലൂടെയുള്ള നേട്ടമാകട്ടെ പ്രോത്സാഹജനകവും കൂടുതൽ ഊന്നൽ നൽകേണ്ടതുമാണ്. വൻകിട പദ്ധതിയെ അപേക്ഷിച്ച് അഞ്ചിലൊന്നോ അതിൽ കുറവോ മൂലധനം മാത്രമാണ് ചെറുകിട പദ്ധതികൾക്ക് വരുന്നത്. 1987-88 വരെ സംസ്ഥാനത്ത് ഈ രീതിയിൽ 181822 ഹെക്ടർ പ്രദേശത്തേക്ക് നനയെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു വേണ്ടി വന്ന ചിലവാകട്ടെ 80.45 കോടി രൂപയും. അതായത് 700 കോടിയോളം രൂപ മുടക്കി വൻകിട പദ്ധതികളിലൂടെ ഏകദേശം ആറു ലക്ഷം ഹെക്ടർ പ്രദേശത്തേക്ക് ജലസേചനമെത്തിച്ചപ്പോൾ ചെറുകിട പദ്ധതിയിലൂടെ 2.18 ലക്ഷം ഹെക്ടർ പ്രദേശത്ത് വെള്ളമെത്തിക്കാൻ വേണ്ടിവന്നത് 80 കോടിയോളമാണെന്നറിയുമ്പോൾ ഇവ തമ്മിലുള്ള അന്തരം നിങ്ങൾക്ക് മനസ്സിലാകും. നിശ്ചിത സമയത്തിൽ പണിപൂർത്തിയാക്കാവുന്നതും പരമാവധി നേട്ടം പ്രയോജനപ്പെടുത്താവുന്നതും ചുരുങ്ങിയ ചിലവ് വരുന്നതും വികേന്ദ്രീകൃതവും ലളിതവുമായതുകൊണ്ടുതന്നെ പ്രാദേശികമായി അറ്റകുറ്റപണികൾ തീർക്കാൻ സാധ്യതയുള്ളതുമാണ് ഇത്തരം ചെറുകിട പദ്ധതികൾ മൊത്തത്തിൽ സാമ്പത്തികവും സാമൂഹികവുമായി ഏറ്റവും പ്രായോഗികമായ ഈ പദ്ധതികളോട് പക്ഷെ ആസൂത്രണ 'വിദഗ്ധ'ന്മാരും ഭരണകർത്താക്കളും എക്കാലവും ഭ്രഷ്ട് കൽപിച്ച് വരികയാണ്. ജലസേചന പദ്ധതികൾക്കും 12 ശതമാനം ചെറുകിട പദ്ധതികൾക്കുമാണെന്നത് ഇതിനെ സാധൂകരിക്കുന്നു. ചെറുകിട പദ്ധതികളുടെ മേഖലയിൽ എന്തെങ്കിലും രീതിയിൽ അവർ മുന്നോട്ട് പോയിട്ടുണ്ടെങ്കിൽ തന്നെ അത് പരിസ്ഥിതി പ്രവർത്തകരുടെയും മറ്റും നിരന്തരമായ സമ്മർദ്ദത്തിന്റെ ഫലമായാണ്.

കാര്യങ്ങൾ ഇത്രയൊക്കെ വഷളായിട്ട് പോലും ഇനിയും ഇതിനെക്കുറിച്ചവർ മനസ്സിലാക്കുന്നില്ല എന്നതിന് തെളിവാണ് പുതിയ പുതിയ വൻകിട പദ്ധതികൾക്ക് വേണ്ടി സമ്മർദ്ദം ചെലുത്തുന്നതും അതിനെ വിമർശിക്കുന്നവരെ രാജ്യദ്രോഹികളെന്നും ചാരന്മാരെന്നും മുദ്ര കുത്തി പ്രചരണം നടത്തുന്നതും. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളൊക്കെതന്നെ അടുത്ത ദശകത്തിലേക്ക് ജൈത്രയാത്ര തുടരുമ്പോൾ എന്തടിസ്ഥാനത്തിലാണ് പൂയംകുട്ടിക്കും, മാനന്തവാടിക്കും മറ്റും വേണ്ടി മുറവിളി കൂട്ടുന്നത്? ഇക്കഴിഞ്ഞ ഫെബ്രുവരി ഒമ്പതിനാണ് (1989) നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരമായി ജലസേചന മന്ത്രി ബേബിജോൺ കല്ലട പദ്ധതിയുടെ മാരത്തോൺ പ്രയാണത്തെക്കുറിച്ച് പറഞ്ഞത്. 13 കോടിയിലാരംഭിച്ച കല്ലടക്ക് ഇപ്പോൾ 313 കോടി ചിലവായെന്നും, അടുത്ത വർഷം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ഉറപ്പ് നൽകുന്നു. ജലസേചന മന്ത്രിയുടെ ഏറ്റവും ഒടുവിലത്തെ വാഗ്ദാനം മിക്ക പദ്ധതികളും 1992ലും മറ്റുമായി പൂർത്തിയാകുമെന്നാണ്. മന്ത്രിയെ തൽക്കാലം നമുക്ക് വിശ്വസിക്കാം! പക്ഷേ ഇവ പൂർത്തിയായാൽതന്നെ അതിന് നാം നൽകേണ്ടിവരുന്ന വിലയെന്താണ്? ഈയിടെ (4.9.89) നമ്മുടെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി എം. എം. ജേക്കബ് ചെയ്ത പ്രസ്താവന വളരെ ഗൗരവപൂർവം കണക്കിലെടുക്കേണ്ടതാണ്. അദ്ദേഹം പറയു

ന്നത് എട്ടാം പദ്ധതിയിൽ കേരളത്തിൽ നാല് വൻകിടയും രണ്ട് ഇടത്തരം പദ്ധതികളും ജലസേചനത്തിനായി നിർമ്മിക്കാനുദ്ദേശിക്കുന്നു എന്നാണ്. ഇത് കൂടാതെ ആസൂത്രണ വകുപ്പ് മൂന്ന് വൻകിടയും മൂന്ന് ഇടത്തരം പദ്ധതികളും പണിയാനുള്ള കാര്യം പരിഗണിക്കുന്നുണ്ടത്രേ! അതായത് 1990–95 കാലയളവിൽ സംസ്ഥാനത്ത് ഏഴ് വൻകിടയും അഞ്ച് ഇടത്തരവുമായ അണക്കെട്ടുകൾ വരുമെന്നർത്ഥം! കുറ്റം പറയരുതല്ലോ മന്ത്രി ഇടയ്ക്ക് ഇതുകൂടി പറഞ്ഞു: 1951 മുതൽ 1985 വരെയുള്ള പദ്ധതികളിലായി സംസ്ഥാനത്ത് പതിനൊന്ന് വൻകിടയും, പതിനാല് ഇടത്തരവുമായ അണക്കെട്ടുകൾ തുടങ്ങിയിട്ടുണ്ട്, ഇതിൽ യഥാക്രമം ഒന്നും ഒമ്പതും വീതമാണ് ഇതുവരേക്കും പൂർത്തിയായിട്ടുള്ളത്! അപ്പോൾ പിന്നെ എട്ടാം പദ്ധതിയിലെ പുതിയ പദ്ധതികളോ? നോകമന്റ്. വസ്തുതകൾ പകൽപോലെ വ്യക്തമാണെന്നിരിക്കെ ഇപ്പോഴും വൻകിട ഡാമുകൾക്ക് വേണ്ടി കേരളത്തിൽനിന്നും മുറവിളികൾ ഉയരുന്നത് ഏറെ ഖേദകരമാണ്. വൻകിട ഡാമുകൾ പൂർണ്ണമായും ഉപേക്ഷിക്കണമെന്നുള്ള നിർദ്ദേശത്തിന് ആഗോളതലത്തിൽ തന്നെ ശക്തമായ പിന്തുണ ലഭിച്ച് വരുന്ന ഈ കാലഘട്ടത്തിൽ സൈലന്റ്‌വാലി സമരത്തിന്റെ പാരമ്പര്യമുള്ള കേരളത്തിലെ ജനങ്ങളും ഭരണകർത്താക്കളും ശാസ്ത്രസാഹിത്യപരിഷത്ത് പോലുള്ള ബഹുജന പ്രസ്ഥാനങ്ങളും വൻകിട അണക്കെട്ടുകളുടെ കാര്യത്തിൽ ഒരു ഉറച്ച തീരുമാനം എടുക്കാത്തതെന്താണ്? സൈലന്റ്‌വാലി സമരത്തിൽ സജീവമായി പങ്കെടുത്ത പരിഷത്ത് ഇതുവരേക്കും ദേശീയ തലത്തിൽതന്നെ പരിസ്ഥിതി സംഘടനകൾ ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ പദ്ധതിയായ പൂയംകുട്ടിയെക്കുറിച്ച് പരസ്യമായി തങ്ങളുടെ നിലപാട് വ്യക്തമാക്കാത്തതെന്തുകൊണ്ടാണ്? പരിഷത്ത് പ്രവർത്തകരിൽ പലരും വ്യക്തിപരമായി പൂയംകുട്ടി പദ്ധതിക്കെതിരാണെന്നിരിക്കെ സംഘടന ഔദ്യോഗികമായി ഒരു നയം രൂപീകരിക്കാത്തതോ അഭിപ്രായം പറയാത്തതോ എന്താണ്? ഊർജ്ജ പ്രതിസന്ധിയടക്കം നാമിന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ രാഷ്ട്രീയ മാനങ്ങൾ കാണാതെ, പരിഹാരമാർഗ്ഗങ്ങൾ ആ വഴിക്ക് തേടാതെ ഏത് പ്രശ്നത്തിനും ഒറ്റമൂലിയായി ശാസ്ത്രസാങ്കേതിക വിദ്യയിലൂടെ പ്രതിവിധികൾ കാണാമെന്ന് ആത്മാർത്ഥമായും പരിഷത്ത് സുഹൃത്തുക്കൾ വിശ്വസിക്കുന്നുണ്ടോ?

കേരളത്തിന്റെ വറ്റിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെയും ഖജനാവിന്റേയും സ്ഥിതി നമുക്കറിയാം. അതുകൊണ്ടുതന്നെ ചിലവാക്കപ്പെടുന്ന ഓരോ പൈസയും നാം പരമാവധി പ്രയോജനപ്പെടുത്തുകയും അതിനുള്ള നേട്ടങ്ങൾ ഉണ്ടാക്കുകയും വേണം. ലോകബാങ്ക്, ഐ.എം.എഫ്. പോലുള്ള 'ബ്ലേഡ്' കമ്പനികളിൽ നിന്നും കോടികൾ കടം വാങ്ങി വൃഥാ മുടിച്ചു കളയുന്നത് ആത്മഹത്യാപരമാണ്. ഇത്തരം വിദേശ ഏജൻസികളുടെ വായ്പ അവരുടെ സാമ്പത്തിക 'സഹായ'മായി ചിത്രീകരിച്ച് വെള്ളപൂശാൻ ശ്രമിക്കുന്നത് വഞ്ചനയുമാണ്. കാരണം പലിശയടക്കം നാമിത് നാളെ തിരിച്ചടക്കേണ്ട തുകയാണ് എന്നത് തന്നെ. എല്ലാറ്റിനുമുപരി സംസ്ഥാനത്ത് മറ്റു വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി ചിലവാക്കേണ്ട ഖജനാവിലെ പണമാണ് ഇതുപോലെ താന്തോന്നിത്തമായി ധൂർത്തടിക്കുന്നതെന്ന് നാം മനസ്സിലാക്കണം. കൂടുതലായി മുടക്കുന്ന ഓരോ ചില്ലിക്കാശും നാളെ ജനങ്ങളിൽ അടിച്ചേൽപ്പിക്കേണ്ടി വരുന്ന നികുതിയാണെന്നും തിരിച്ചറിയാൻ നമുക്ക് കഴിയണം. ജനങ്ങളുടെ നികുതിപ്പണവും സമ്പത്തും (ജലം, വായു, മണ്ണ് ഇത്യാദി) വിനിയോഗിക്കുന്ന കാര്യത്തിൽ ശാശ്വതവും ദീർഘവീക്ഷണമുള്ളതുമായ പുതിയൊരു സമീപനം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കേരളത്തിലെ അണക്കെട്ടുകളെക്കുറിച്ച് ഒരു സോഷ്യോ എക്കണോമിക് ഓഡിറ്റ് (Socio Economic Audit) സന്നദ്ധ സംഘടനകളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പങ്കാളിത്തത്തോടെ നടപ്പാക്കുക. ഇതിലൂടെ അറിയാം അണക്കെട്ടുകൾ നമുക്കെന്താണ് നേടിത്തന്നതെന്ന്. കേരളത്തിൽ ഇനിയൊരു അണക്കെട്ടിന്റെ അസ്ഥിവാരം ഉയരാൻ അനുവദിക്കാമോ എന്ന് അതിനുശേഷം തീരുമാനിക്കുക.

അണക്കെട്ടുകളുടെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനായി ഇവിടെ ഉപയോഗിച്ചിട്ടുള്ള കണക്കുകളെല്ലാംതന്നെ സർക്കാരിന്റേതാണ്. കേന്ദ്രസർക്കാരിന്റേതായാലും സംസ്ഥാന സർക്കാരുകളുടേതായാലും ഇത്തരം കണക്കുകളുടെ വിശ്വാസ്യതപോലും നഷ്ടപ്പെടുത്തുന്നു. ഉദാഹരണത്തിന് 1981–83 കാലങ്ങളിൽ കേരളത്തിൽ നടത്തിയ സർവ്വേമൂലം യഥാർത്ഥത്തിൽ ജലസേചനം ലഭ്യമാകുന്ന ഭൂമി കണക്കുകളിൽ കാണുന്നതിന്റെ മൂന്നിലൊന്ന് മാത്രമാണെന്നാണ് അറിയാൻ കഴിഞ്ഞത്. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് പ്രകാരം വൻകിട പദ്ധതിമൂലം ഒരു ഹെക്ടർ സ്ഥലം ജലസേചനം നടത്തുന്നതിന് 66,915 രൂപയും ചെറുകിട പദ്ധതിമൂലം 7754 രൂപയും വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് എട്ടാം പദ്ധതിക്കാലത്ത് യഥാക്രമം 1,04,593 രൂപയും 11,765 രൂപയും ആയിരിക്കുമത്രെ. ഇത്രമാത്രം ചിലവാക്കിയിട്ടെന്തേ ഉൽപ്പാദനത്തിൽ യാതൊരു വർദ്ധനവുമില്ല? ഹെക്ടറൊന്നിന് ചൈനയിൽ കിട്ടുന്നതിന്റെ നാലിലൊന്ന് വിളവേ ഇന്ത്യയിൽ ലഭിക്കുന്നുള്ളൂ. ചൈനയിലിത് പ്രധാനമായും ചെറുകിട പദ്ധതികളിലൂടെയും വികേന്ദ്രീകരണത്തിലൂടെയുമാണ് നേടിയതെന്ന കാര്യം അടിവരയിട്ട് പറയേണ്ടതുമാണ്. ജലസേചനം എന്നത് കുറെ കണക്കുകളുടെ കളിയോ, കോടികളുടെ ചിലവോ, സാങ്കേതികവിദ്യകളോ, തൊഴിൽദാനപദ്ധതിയോ മെഗാ പ്രൊജക്ടോ, പ്രകൃതിനശീകരണ പ്രക്രിയയോ, തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളോ അല്ല. മറിച്ച് കാർഷിക വൃത്തിയാണ്– സംസ്കാരമാണ്. ഇതുതന്നെയാണ് മറ്റു വികസന പ്രവർത്തനങ്ങളുടേയും ക്ഷേമപ്രവർത്തനങ്ങളുടേയും ആസൂത്രണനയങ്ങളുടേയും കാര്യത്തിൽ പരിശോധിക്കേണ്ടത്.■